# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1022

30.10.2019-ലെ മറുപടി

### കടിവെള്ള ചാർജ്ജ് പിരിച്ചെടുക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കറുപ്പ്<br>,, ബി.സത്യൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, എ. എൻ. ഷംസീർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിക്കാതെ കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി നികത്താനായി കുടിശ്ശിക യായിട്ടുള്ള കുടിവെള്ള ചാർജ്ജ് പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ; ഗാർഹിക ഗാർഹികേതര ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്; തുക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും തുക അടയ്ക്കാത്ത പക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശ്ശിക തീർപ്പാക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി വരുന്നു. പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയുടെ (പലിശയും പിഴപലിശയും ഉൾപ്പെടെ) വിവരം ചുവടെ ചേർക്കുന്നു<br><br>ഗാർഹികം : 242.71 കോടി രൂപ<br>ഗാർഹികേതരം : 858.89 കോടി രൂപ<br>വ്യവസായികം : 9.94 കോടി രൂപ<br>ആകെ : 1111.54 കോടി രൂപ |
| (ബി) | സ്ഥാപന ശാക്തീകരണത്തിനു ഐ. ഐ. എം. ബാംഗ്ലൂർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകളിൽ പ്രായോഗികമായവ ജീവനക്കാരെ കൂടി വിശ്വാസത്തി ലെടുത്തുകൊണ്ട് പ്രാബല്യത്തി ലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീ കരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എൻജിനീയറിംഗും ഫിനാൻഷ്യൽ റീ-എൻജിനീയറിംഗും നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് മാനേജ്മെന്റ് ബാംഗ്ലൂർ ശുപാർശ ചെയ്തിരുന്നു.<br>മേൽ പറഞ്ഞ റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു. |

| ചോദ്യം | മറുപടി |
|---|---|
| | 1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കി<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.<br>6. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്),ഇ-പേയ്മെന്റ് സംവിധാനവും, കംപ്ലെയിൻറ് റിഡ്രസ്സൽ സിസ്റ്റവും, ഇ-ടെണ്ടറിംഗും നടപ്പിലാക്കി. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | കുപ്പിവെള്ള വിപണിയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരുന്നതും എന്നാൽ കഴിഞ്ഞ സർക്കാർ മരവിപ്പിച്ചതുമായ അരുവിക്കര കുപ്പിവെള്ള ഫാക്ടറിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ? | (സി) | അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കുപ്പിവെള്ള നിർമ്മാണ പ്ലാന്റിന്റെ ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനമടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**